ഉത്തരം

(എ) 2001-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയെ സംബന്ധിച്ചുള്ള പ്രൊവിഷണൽ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഒരു ജില്ലയിലും ജനസംഖ്യയിൽ കുറവ് വന്നിട്ടില്ല.

(സി) എല്ലാ ജില്ലകളിലും ജനസംഖ്യയിൽ വർദ്ധനയുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല—ആലപ്പുഴ ജില്ല.

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല—മലപ്പുറം

സർക്കാർ ഓഫീസ് കോംപ്ലക്സുകളിൽ നടക്കുന്ന മതപ്രചരണം

7 (4442) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസ് കോംപ്ലക്സുകളിൽ ചില സംഘടനകൾ സ്ഥിരമായി നടത്തിവരുന്ന മത-ജാതി പ്രചരണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മതസൗഹാർദ്ദത്തിനും മതേതരത്വത്തിനും ഹാനികരമായ ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ചില ഉന്നത ഉദ്യോഗസ്ഥൻമാർ തങ്ങളുടെ മത-ജാതി വിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിന് സഹായകരമായ നിലയിലുള്ള ഫോട്ടോകൾ ഓഫീസ്മുറികളിൽ പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വിദേശ സാമ്പത്തിക സഹായമുള്ള സന്നദ്ധ സംഘടനകൾ

8 (4443) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് വിദേശത്തുനിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമോ നിബന്ധനകളോ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ആഭ്യന്തര സുരക്ഷിതത്വത്തിനും സംസ്ഥാന, രാജ്യ താൽപ്പര്യങ്ങൾക്ക് ദോഷകരമാണ് എന്നുമുള്ള റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇത്തരം സംഘടനകളുടെ പ്രവർത്തനം ആഭ്യന്തര വകുപ്പോ ധനകാര്യ വകുപ്പോ നിരീക്ഷിക്കാറുണ്ടോ ; ഇല്ലെങ്കിൽ അത്തരമൊരു നിരീക്ഷണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) ഏതെല്ലാം സന്നദ്ധ സംഘടനകൾക്കാണ് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ വിദേശത്തുനിന്നും ഒരു ലക്ഷം രൂപയിൽ കൂടുതൽ ധനസഹായം ലഭിച്ചിട്ടുള്ളതെന്നും അത് എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്നും അറിയിക്കാമോ ;

(ഇ) മത്സ്യത്തൊഴിലാളികളുടെ പേരിൽ തിരുവനന്തപുരത്ത് 'പ്രോത്സാഹൻ' എന്ന സന്നദ്ധ സംഘടന 85 ലക്ഷം രൂപ അമേരിക്കയിലെ മകാർദർ ഫൗണ്ടേഷനിൽ നിന്നും സ്വീകരിച്ചതായും അവർ കേരളത്തിലെ തീരപ്രദേശങ്ങളിൽ നിന്നും ചില അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നതായുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംഘടനയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും മത്സ്യത്തൊഴിലാളികളുടെയും താല്പര്യങ്ങൾക്ക് അനുസൃതമാണോ എന്ന കാര്യം പരിശോധിക്കുവാൻ ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകുമോ ;

(എഫ്) വയനാട്ടിലെ ആദിവാസി മേഖലകളിൽ അമ്പതിലേറെ സന്നദ്ധ സംഘടനകൾക്ക് വിദേശ സഹായം ലഭിക്കുന്നതായും അവരിൽ ചിലർ ആദിവാസികളെ ചൂഷണം ചെയ്തും വഞ്ചിച്ചും അമൂല്യമായ അവിടത്തെ ജൈവ സമ്പത്തിനെ കടൽ കടത്തിക്കൊണ്ടു പോകുന്നതായും ആദിവാസികൾക്കിടയിൽ ഛിദ്രവാസനകളും സംഘർഷവും വളർത്തുന്നതുമായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുവാനും അത്തരം സംഘടനകളുടെ പ്രവർത്തനം നിയന്ത്രിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1976-ലെ ഫോറിൻ കോൺട്രിബ്യൂഷൻ (റഗുലേഷൻ) ആക്ടിൽ പ്രതിപാദിക്കുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രമേ സംഘടനകൾക്ക് വിദേശ സഹായം കൈപ്പറ്റുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുകയുള്ളൂ.

(ബി) ഇല്ല.

(സി) വിദേശ ധനസഹായം ലഭിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങൾ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ നിരീക്ഷിക്കുന്നുണ്ട്.

(ഡി) വിദേശ സഹായത്തിലൂടെ സംഘടനകൾ കൈപ്പറ്റുന്ന തുകയും അവയുടെ ചെലവും സംബന്ധിച്ച കൃത്യവും പൂർണ്ണവുമായ വിവരം ലഭ്യമല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് സൂപ്രണ്ടിന് (തിരുവനന്തപുരം റേഞ്ച്) നിർദ്ദേശം നൽകിയിട്ടുണ്ട്. സംഘടനയുടെ പ്രവർത്തനം രാജ്യത്തിനും മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കും അനുസൃതമല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഉത്തരം (എഫ്)-ന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

ചെയർമാൻമാരുടെ നിയമനം

9 (4444) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ കോർപ്പറേഷനുകളുടെയും കമ്പനി ബോർഡുകളുടെയും ചെയർമാൻമാരുടെ നിയമനം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(ബി) 51%-ൽ അധികം സർക്കാർ ഷെയറുള്ള സഹകരണ സ്ഥാപനങ്ങളുടെ ചെയർമാൻമാരുടെ നിയമനം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പി.എസ്.സി.ലിസ്റ്റ് നിലവിലിരിക്കെ സ്ഥിരം ഒഴിവുകളിൽ നടത്തുന്ന താൽക്കാലിക നിയമനങ്ങൾ

10 (4445) ശ്രീ. എ. സുജനപാൽ :
ശ്രീ. എ. കെ. മണി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലുണ്ടായിരുന്ന സ്ഥിരം ഒഴിവുകളിൽ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് ഉള്ളപക്ഷം അതിൽനിന്ന് നിയമനം നടത്തണമെന്ന് വ്യവസ്ഥയുണ്ടോ ;

(ബി) ഗവൺമെന്റ് വകുപ്പുകൾ ഈ വ്യവസ്ഥ പാലിക്കാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly